02/12/21.
23/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 737(6)/2021 എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.6410/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അജുഖാൻ. എം.
അജുമൻസിൽ,
കുണ്ടയം പി.ഒ,
പത്തനാപുരം – 689 695
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി, പത്തനാപുരം ഗ്രാമപഞ്ചായത്ത്, പത്തനാപുരം പി.ഒ, കൊല്ലം – 689 695.
2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കളക്ട്രേറ്റ്, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/04/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/06/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/08/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 12/11/2021<br>PWD റസ്റ്റ് ഹൗസ്, പുനലൂർ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അജുഖാൻ. എം., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിലും പൂർണ്ണ വിവരങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കിയില്ലെന്നും പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 22.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങളാണ്.

(A) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തികൾ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തുവാനുള്ള സംവിധാനത്തെ കുറിച്ചും

(B) ഗുണനിലവാരവും കാര്യക്ഷമതയും വ്യക്തിത്വ ബോധം വളർത്തുന്നതിലും വേണ്ടി മെച്ചപ്പെട്ട പരിശീലനം, കൂടിയാലോചന, ആശയവിനിമയം എന്നിവ തൊഴിലാളിയ്ക്ക് നൽകുവാൻ കഴിയുന്നുണ്ടോ എന്നും

(C) ഡ്യൂട്ടി സമയം തൊഴിലാളികൾ സുരക്ഷിതരാണോ എന്നും ഭൂഉടമസ്ഥരെ കൂട്ടു കൂടി വന്ന് ആക്രമിക്കാതിരിക്കാൻ വേണ്ടിയുള്ള ദിശാബോധം വളർത്തിയെടുക്കാൻ ബോധവൽക്കരണം ചെയ്യുന്നുണ്ടോ എന്നിവയാണ്.

3. ഹർജിക്കാരന്റെ 22.02.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.03.2021 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 31.03.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 28.04.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 25.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ വിവരം പരമാവധി കൃത്യതയോ ടെയും സമയബന്ധിതമായും എസ്.പി.ഐ.ഒ നൽകിയിട്ടുള്ളതാണെന്നും ആയത് തൃപ്തികരമല്ലാത്തിനാലാണ് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും അപ്പീൽ തീർപ്പാക്കുന്നതിലേയ്ക്കായി ടിയാന്റെ അപേക്ഷ പരിശോധിച്ചതിൽ, ഹർജിക്കാ രന്റെ വിവരാവകാശ അപേക്ഷയിലെ ക്രമ നമ്പർ 3 എ, 3 ബി ചോദ്യങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടു ള്ളതാണെന്നും ടി ചോദ്യങ്ങളിൽ രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടിരുന്നി ല്ലെന്നും വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതിലും കൂടുതൽ വിവ രങ്ങൾ അപ്പീലപേക്ഷയിൽ ആവശ്യപ്പെടുവാൻ സാധിക്കുകയില്ലെന്ന് ഹർജിക്കാ രനെ അറിയിച്ചിട്ടുള്ളതാണെന്നും ക്രമ നമ്പർ 3 സി പ്രകാരം ആവശ്യപ്പെട്ടിരു ന്നത് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം ആയിരു ന്നെന്നും വിശദീകരണം ആവശ്യപ്പെടുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലായെന്ന് ഹർജിക്കാരനെ അറിയിച്ചുകൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജി ക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും എതിർകക്ഷി കൾ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതായി കാണുന്നത്. 12.11.2021 ൽ കമ്മീഷൻ പുന ലൂർ PWD റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജ രായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരന്റെ ചോദ്യങ്ങൾക്ക് വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കണം എന്നാണ് ടിയാൻ ഹിയറിംഗിൽ ആവശ്യപ്പെട്ടിരിക്കു ന്നത്. ആയതിനാൽ ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം ഹർജിക്കാരൻ അപേ ക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും പകർപ്പുകളും ടിയാന് ലഭ്യമാക്കേണ്ടതും ആ വിവരം കമ്മീഷനിൽ അറിയിക്കേണ്ടതുമാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 23-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm